**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 257** **10-06-2024 - ൽ മറുപടിയ്ക്ക്**

**സർവീസ് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ ചോറോട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സേവനം ചെയ്തുവരവേ മരണപ്പെട്ട സീനിയർ ക്ലർക്ക് ബാലചന്ദ്രൻ. എം.വി. യുടെ സർവീസ് ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ 2690/2024 ഇഡി2 നമ്പർ ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | ചോറോട് കുടുംബാരോഗ്യകേന്ദ്രത്തിൽ സീനിയർ ക്ലാർക്കായി സർവ്വീസിലിരിക്കെ മരണപ്പെട്ട ബാലചന്ദ്രൻ എം.വി. സർവീസിൽ ഹാജരാകാതിരുന്ന കാലയളവുകൾക്ക് അർഹതപ്പെട്ട അവധി അനുവദിച്ച് വിട്ടു നിന്ന കാലയളവുകൾ ക്രമീകരിച്ച് ഉത്തരവാകുന്നതിനും, നിയമാനുസൃതമായ പെൻഷൻ ആനുകൂല്യങ്ങൾ ഉടൻ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കാൻ 18/04/2024 തീയതിയിലെ ഡി.എച്ച്.എസ്./2690/2024-ഇ.ഡി.2 നമ്പർ കത്ത് പ്രകാരം കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് ആരോഗ്യവകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഫയലിൽ തീർപ്പുകൽപ്പിച്ച് ടിയാന്റെ കുടുംബാംഗങ്ങൾക്ക് ലഭിക്കുവാനുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ബാലചന്ദ്രൻ എം.വി. സേവനത്തിൽ നിന്നും വിട്ടു നിന്ന കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചിട്ടുണ്ട്. കുടുംബത്തിന് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി അദ്ദേഹത്തിന്റെ ആശ്രിതയായ ഭാര്യയുടെ അപേക്ഷയും ആവശ്യമായ രേഖകളും, പെൻഷൻ പുസ്തകവും ഹാജരാക്കണമെന്ന് അറിയിച്ചുകൊണ്ട് 28/05/2024 തീയതിയിൽ ചോറോട് കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ കത്ത് നൽകിയിട്ടുണ്ട്. ആവശ്യമായ രേഖകൾ ലഭ്യമായാൽ പരിശോധിച്ച് തുടർ നടപടികൾ താമസംവിനാ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ